# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3792 20/07/2015-ലെ മറുപടിക്ക്

## ഫിസിക്സ് അദ്ധ്യാപക ഒഴിവ് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.പി.കെ.അബ്ദു റബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി ഫിസിക്സ് അദ്ധ്യാപകരുടെ ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലായി ഫിസിക്സ് സീനിയർ അദ്ധ്യാപക തസ്തികയിൽ 34 ഒഴിവുകളും ജൂനിയർ തസ്തികയിൽ 213 ഒഴിവുകളുമുണ്ട്. |
| (ബി) പ്രസ്തുത തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; നിലവിലുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിൽ നിന്നും ഫിസിക്സ് അദ്ധ്യാപകരുടെ (സീനിയർ) 13 ഒഴിവുകളും ജൂനിയർ വിഭാഗത്തിൽ 197 ഒഴിവുകളും പി.എസ്. സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകൾ സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ളതനുസരിച്ച് തസ്തികമാറ്റ നിയമനത്തിനായി മാറ്റി വച്ചിട്ടുള്ളവയാണ്. |
| (സി) 2012-ന് ശേഷം അനുവദിച്ച പുതിയ ബാച്ചിന് പോസ്റ്റ് അപ്രൂവ് ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ; | (സി) ഇല്ല |
| (ഡി) ഫിസിക്സ് വിഷയത്തിന് അദ്ധ്യാപകരില്ലാത്തതിനാൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതു പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ ? | (ഡി) സ്ഥിരം അദ്ധ്യാപകർ നിലവിലില്ലാത്ത സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ